## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 66 — 26/09/2016 ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. സി. ദിവാകരൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം അഭ്യർത്ഥിച്ച് കൊണ്ടുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ധനസഹായത്തിനുള്ള അപേക്ഷകൾ ദിനംപ്രതി ലഭിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിച്ച് വരുന്നു. അതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ് എന്ന് പറയാനാവില്ല. |
| (ബി) | അപേക്ഷകർക്ക് ആശ്വാസം ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ബി) | ധനസഹായത്തിനുള്ള അപേക്ഷ കരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണ ഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞു കൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിന് ഓൺ ലൈൻ സംവിധാനമുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എം.എൽ.എ മാരുടെ രേഖാമൂലമായ അഭ്യർത്ഥന പരിഗണിച്ച് സഹായം നൽകാൻ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | എം.എൽ.എ മാരുടെ രേഖാമൂലമായ അഭ്യർത്ഥന പരിഗണിച്ചും അർഹരായ അപേക്ഷകർക്ക് ധനസഹായം അനുവദിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ